പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 3465 | 15. 07.2015- ൽ മറുപടി<br>നല്കേണ്ടത്. |

**ഭക്ഷ്യ എണ്ണയിൽ മായം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കേരളത്തിൽ വിൽക്കപ്പെടുന്ന ഭക്ഷ്യ എണ്ണയിൽ മിനറൽ ഓയിൽ എന്ന പെട്രോളിയം ഉത്പന്നം ചേർത്ത് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ഭക്ഷ്യഎണ്ണയുടെ സാമ്പിളുകൾ പരിശോധിച്ചതിൽ അത്തരത്തിലുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| ബി) | ഇങ്ങനെമായം ചേർത്ത് വിൽക്കുന്ന ബ്രാൻഡുകൾ നിരോധിക്കുന്നതിനും ഇതിന് ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | | അത്തരത്തിൽ മായം ചേർക്കുകയോ നിശ്ചിത നിലവാരം ഇല്ലാത്തതോ ആയ ഭക്ഷ്യഎണ്ണകൾ കണ്ടെത്തുന്ന പക്ഷം ഉത്തരവാദികൾക്കെതിരെ 2006ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരവും അനുബന്ധചട്ടങ്ങളും പ്രകാരം കർശനനടപടി സ്വീകരിക്കുന്നതാണ്. ഇത്തരത്തിൽ പരിശോധനയിൽ നിശ്ചിത നിലവാരമില്ലായെന്ന് കണ്ടെത്തിയ 14 ബ്രാൻഡ് വെളിച്ചെണ്ണ സംസ്ഥാനത്ത് ഇതിനകം നിരോധിച്ചിട്ടുണ്ട്. |
| സി) | മായംചേർന്നതിനാൽ ഒരു പേരിലുള്ള ഭക്ഷ്യ എണ്ണ നിരോധിച്ചാൽ എണ്ണയുടെഉത്പാദകർ മറ്റൊരു പേരിൽ മായം കലർത്തിയ എണ്ണ വിപണിയിൽ ഇറക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി ഉൽപാദകരെ ഏതെങ്കിലും തരത്തിലുള്ള ഭക്ഷ്യ എണ്ണകൾ ഉൽപാദിപ്പിക്കുന്നതിൽ നിന്നും ഇതിനകം നിരോധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ